## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4976

04..07..2012 – ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

## ദേശീയ സമ്പാദ്യ പദ്ധതി

**ചോദ്യം**

ശ്രീമതി.കെ.കെ. ലതിക

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ) | ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ വികസനാ-വശ്യങ്ങൾക്ക് പണം ലഭ്യമാവുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം വിധത്തിലെന്നും വ്യക്തമാക്കുമോ; | ദേശീയ സമ്പാദ്യ പദ്ധതി മിച്ച നിക്ഷേപം കേന്ദ്ര സർക്കാരിൽ നിന്നും ദീർഘകാല വായ്പയായി സംസ്ഥാന സർക്കാരിനു ലഭിക്കുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മിച്ച നിക്ഷേപം ലഭ്യമായിരുന്നില്ല. |
| ബി | ദേശീയ സമ്പാദ്യ പദ്ധതി ആകർഷകമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾ ആവിഷ്കരിക്കുന്നതും പലിശ നിരക്ക് തീരുമാനിക്കുന്നതും മറ്റും കേന്ദ്ര സർക്കാരാണ്. എന്നാൽ ഈ പദ്ധതിയിലൂടെ നിക്ഷേപം വർദ്ധിപ്പിക്കാനുള്ള പ്രചരണവും, നിരീക്ഷണവും സമാഹരണ ശ്രമങ്ങളും സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നുണ്ട്. പദ്ധതി കൂടുതൽ ആകർഷകമാക്കാനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നൽകാറുണ്ട്. ആയതിന്റെ ഫലമായി 01.04.2012 മുതൽ പലിശ നിരക്കിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| സി | മഹിളാ പ്രധാൻ ഏജൻറുമാർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ? | മഹിളാ പ്രധാൻ ഏജൻറുമാർക്ക് സമാഹരിക്കുന്ന തുകയുടെ 4% കമ്മീഷൻ കേന്ദ്ര സർക്കാർ നൽകുന്നു. കൂടാതെ ഏകദേശം 3.96% പ്രോത്സാഹന അലവൻസും ഏകദേശം 1.23% വാർഷിക ബോണസും സംസ്ഥാന സർക്കാർ നൽകിയിരുന്നു. എന്നാൽ ഡിസംബർ 2011 മുതൽ ദേശീയ സമ്പാദ്യ പദ്ധതി-യെ കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്യാമളാ ഗോപിനാഥ് കമ്മീഷൻെറ ശുപാർശ പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവിൻെറ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ നിർത്തി വയ്ക്കുകയുണ്ടായി. എന്നാൽ ദേശീയ സമ്പാദ്യ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഏജൻറുമാരുടെ സാമൂഹ്യ സാമ്പത്തിക ഘടകങ്ങൾ പരിഗണിച്ച് സംസ്ഥാനത്തെ മഹിളാപ്രധാൻ/എസ്.എ.എസ് ഏജൻറുമാരുടെ സേവനം സർക്കാരിൻെറ സാമൂഹ്യ ആരോഗ്യ മേഖലകൾക്കൊപ്പം കാർഷിക വികസന പദ്ധതി, വൈദ്യുതി, വെള്ളം മുതലായവയുടെ സംരക്ഷണം, ശുചിത്വം, സാമൂഹ്യ വനവൽക്കരണം തുടങ്ങിയ മേഖലകളിൽകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ടി അധിക സേവനം നിക്ഷേപ സമാഹരണ പ്രയത്നത്തിന് ആനുപാതികമായി നിശ്ചയിച്ച് മഹിളാ പ്രധാൻ ഏജൻറുമാർക്ക് 5.25% വരേയും എസ്.എ.എസ് ഏജൻറുമാർക്ക് 1.1% വരേയും പ്രതിഫലം അനുവദിക്കാൻ 16.06.2012 ലെ സ.ഉ (സാധാ) നം.5933/2012/ധന ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ